കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.lfa.kerala.gov.in

## അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി8-1334/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ: 0477 2252753

തീയതി: 02.12.2016

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1,2-3 എന്നീ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-1, 3-2, 3-3, 3-4, 3-5, 3-6 എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി8-1334/16 തിയ്യതി: 02.12.2016

# ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത്

# 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

# ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 20.5.2016 മുതൽ 31.10.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സി.വൈ.സലിം, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 3.11.2016 മുതൽ 15.11.016 വരെ | ശ്രീ.എസ്സ്. വിജയകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ.പ്രവീൺ ഷേണായി.ജെ, അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീ.കെ.ബി.സുനിൽ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീ.വി.ധ്യാനസുതൻ | 01.04.2015 മുതൽ 31.10.2015 വരെ |
| | ശ്രീമതി.അഫ്സത്ത് | 19.11.2015 മുതൽ 31.03.2016വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ.കെ.കൃഷ്ണൻകുട്ടി | 01.04.2015 മുതൽ 31.03.2016 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി.വിശ്വമ്മ | 01.04.2015മുതൽ |

| | | | |
|---|---|---|---|
| | | വിജയൻ | 31.10.2015വരെ |
| | | ശ്രീ.യു.രാജുമോൻ | 19.11.2015മുതൽ 31.03.2016വരെ |
| 2 | വികസനകാര്യം | ശ്രീ.സുവർണ്ണൻ | 01.04.2015മുതൽ 31.10.2015വരെ |
| | | ശ്രീമതി.ജി.രാധ | 25.11.2015മുതൽ 31.03.2016വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി.ലേഖമോൾ സനിൽ | 01.04.2015 മുതൽ 31.10.2015 വരെ |
| | | ശ്രീ.സി.പ്രദീപ് | 25.11.2015മുതൽ 31.03.2016 വരെ |
| 4 | ആരോഗ്യകാര്യം വിദ്യാഭ്യാസകാര്യം | ശ്രീ.എ.എ.അസീസ് | 01.04.2015മുതൽ 31.10.2015 വരെ |
| | | ശ്രീമതി.ഷീജാ നൗഷാദ് | 25.11.2015മുതൽ 31.03.2016 വരെ |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.മേഴ്സി.കെ.ജെ | 01.04.2015 മുതൽ 09.06.2015പൂർവ്വാഹ്നം വരെ |
| | | ശ്രീമതി.ആനി | 09.06.2015 മുതൽ 05.08.2015പൂർവ്വാഹ്നം വരെ |
| | | ശ്രീ.അജിത്ത് കുമാർ | 05.08.2015 മുതൽ 02.12.2015വരെ |
| | | ശ്രീ.സുധീർ എൻ. | 03.12.2015 മുതൽ 31.03.2016വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.ലിറ്റി.എം.ചെറിയാൻ | 01.04.2015 മുതൽ 31.03.2016 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.വിജയമ്മ സി. | 01.04.2015 മുതൽ 31.03.2016 വരെ |
| 4 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.രശ്മി രാമചന്ദ്രൻ | 01.04.2015 മുതൽ 31.03.2016 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | നിർവ്വഹണ ഉദ്യോഗസ്ഥ ഹോമിയോ ഡോക്ടറാണ് | |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ശ്രീമതി.മഞ്ജു പുരുഷോത്തമൻ | 01.04.2015 മുതൽ 31.03.2016 വരെ |
| 7 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.പി.ഡബ്ള്യൂ.ഇഗ്നേഷ്യസ് | 01.04.2015 മുതൽ 31.03.2016 വരെ |

| | | | |
|---|---|---|---|
| 8 | ഹെഡ്മാസ്റ്റർ, ഗവ.യു.പി.എസ്. | ശ്രീമതി.പ്രസന്ന കുമാരി<br>ശ്രീ.ബൈജു ഇ.വി. | 01.04.2015 മുതൽ 10.06.2015 വരെ<br>11.06.2015 മുതൽ 31.03.2016 വരെ |
| 9 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.യാമിനി ദാസ് | 01.04.2015 മുതൽ 31.03.2016 വരെ |
| 10 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.അജയഘോഷ് വി.എ. | 01.04.2015 മുതൽ 31.03.2016 വരെ |
| | | ശ്രീ.രാധാകൃഷ്ണൻ | 07.09.2015 മുതൽ 31.03.2016 വരെ |
| | | ശ്രീ.പി.രാജു | 01.04.2015 മുതൽ 02.09.2015 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 മുതൽ 1-13വരെ |
| | ഭാഗം -2 | |
| 2 | തൊഴിൽ നികുതി -- വ്യാപാര സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച – ഗ്രാമപഞ്ചായത്തിനു വരുമാന നഷ്ടം | 2-1 |
| 3 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-2 |
| 4 | കടമുറി വാടകയ്ക്ക് നല്കൽ - ലേല നടപടികളിലെ സുതാര്യതയില്ലായ്മ – വരുമാന നഷ്ടമുണ്ടാക്കി | 2-3 |
| | ഭാഗം-3 | |
| 5 | പാലിയേറ്റീവ് കെയറിന് ആംബുലൻസ്-ഏറ്റെടുക്കാനാളില്ല | 3-1 |
| 6 | ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ ടാറിംഗ് വേലകളിൽ ടാറിന്റെ വില വ്യത്യാസം ബില്ലുകളിൽ നിന്നും കുറവു ചെയ്തില്ല – അധിക ചെലവ് | 3-2 |
| 7 | ഒരേ വ്യക്തി തന്നെ 7 മരാമത്തു വേലകളുടെ കൺവീനർ | 3-3 |
| 8 | ഖരമാലിന്യ നിർമ്മാർജ്ജനം- സംസ്കരണം | 3-4 |
| 9 | ക്രമാതീതമായി പെരുകുന്ന കുടിവെള്ള കുടിശ്ശിക | 3-5 |

| | | |
|---|---|---|
| 10 | വഴിവിളക്കിന്റെ കറന്റ് ചാർജ്ജ് - കുറയ്ക്കാൻ നടപടി സ്വീകരിക്കുന്നില്ല | 3-6 |
| 11 | പാലിയേറ്റീവ് കെയർ - മരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച് | 3-7 |
| 12 | പിഎച്ച് സെന്റർ പ്രവർത്തിക്കുന്നത് അടിസ്ഥാന സൌകര്യങ്ങൾ ഒന്നുമില്ലാതെ | 3-8 |
| 13 | തൈറോയ്ഡ് രോഗനിർണ്ണയ ക്യാമ്പ്- അനുമതി രേഖകളില്ല, നടത്തിപ്പിൽ പാളിച്ചകളും | 3-9 |
| 14 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി പ്രവർത്തനം - കാര്യക്ഷമമല്ല | 3-10 |
| | ഭാഗം 4 | |
| 15 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 മുതൽ 4-10 വരെ |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 21-03-2015 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 15,04,42,500 | 15,94,25,000 |
| വാർഷിക കണക്ക് പ്രകാരം | 4,32,93,225 | 5,04,99,528 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവു ചെലവും യഥാർത്ഥ വരവിന്റെയും ചെലവിന്റെയും 3 മടങ്ങിലധികമാണ് എന്ന് കാണാം. ഇതിൽ നിന്നും യാഥാർത്ഥ്യ ബോധത്തോടയല്ല ബജറ്റ് തയ്യാറാക്കിയത് എന്ന് വ്യക്തമാകുന്നു.

1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.7.2016 | ......... |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,83,06,572 |
| വരവ് | 4,32,93,225 |
| ആകെ | 6,15,99,797 |
| ചെലവ് | 5,04,99,528 |
| നീക്കിയിരിപ്പ് | 1,11,00,269 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1479000(#) | 15013932 | 16492932 | 12695004 | 3797928 | 77% |
| വികസനഫണ്ട് എസ്.സി.പി. | 00 | 2246000 | 2246000 | 1128400 | 1117600 | 50% |
| വികസനഫണ്ട് ടി.എസ്.പി. | 00 | 78000 | 78000 | 67200 | 10800 | 86% |
| സംരക്ഷണഗ്രാന്റ് റോഡ് | 00 | 2944000 | 2944000 | 2661893 | 282107 | 90% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 00 | 3391000 | 3391000 | 3338000 | 53000 | 98% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | -26000($) | 5235360 | 5209360 | 5156300 | 53054 | 99% |
| പെർഫോമൻസ് ഗ്രാന്റ് | 3489000 | 1342701 | 4831701 | 4783533 | 48168 | 99% |
| എം.എൻ.ആർ. ഇ. ജി.എസ്. | 00 | 541831 | 541831 | 541831 | 00 | 100% |
| ബി ഫണ്ട് | 00 | 24279725 | 24279725 | 23917565 | 362160 | 98.5% |

(#) മുൻ റിപ്പോർട്ട് പ്രകാരമുള്ള കണക്കിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 179341/- രൂപ ഒഴിവാക്കിയതിനു ശേഷമുള്ള തുക

($) മുൻ റിപ്പോർട്ട് പ്രകാരമുള്ള കണക്കിൽ നിന്നും തെറ്റായ വരവ് 794000/- രൂപ കുറവു ചെയ്തതിനു ശേഷമുള്ള തുക

1-6പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 139 | 40785219 | 118 | 31590203 | 2 | 19 | 84.9% |

1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2014-15 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 1.23% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6872596 | 6997315 | (+)124719 | (+)1.81% |
| നികുതിയേതര വരവുകൾ | 664361 | 809916 | (+)145555 | (+)22% |
| മറ്റ് വരവുകൾ | 492278 | 320805 | (-)171473 | (-)35% |
| ആകെ | 8029235 | 8128036 | (+)98801 | (+)1.23% |

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 8,44,680 | 526 |
| കർഷകതൊഴിലാളി പെൻഷൻ | 55,34,040 | 785 |
| വിധവാപെൻഷൻ | 77,96,800 | 909 |
| വാർദ്ധക്യകാലപെൻഷൻ | 64,92,780 | 1314 |
| വികലാംഗപെൻഷൻ | 27,00,025 | 335 |
| 50 വയസ്സ് കഴിഞ്ഞവർക്ക് അവിവാഹിതപെൻഷൻ | 1,89,240 | 27 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 3,60,000 | 12 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-11-2016 04.30 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,205/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണം സാമാന്യം ഭേദപ്പെട്ട വിധത്തിൽ നടക്കുന്നുണ്ട്. കാര്യമായ ന്യൂനതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13-10-2016 മുതൽ 14-10-2016 വരെ | 9/2016 | ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21-05-2003 | 2002-2003 | 22-07-2003 |

1-12 ദുരിതാശ്വാസ നിധി - വർഷങ്ങളായി പ്രവർത്തനരഹിതം - ദുരിത ബാധിതരെ അടിയന്തിര ഘട്ടങ്ങളിൽ ഗ്രാമ പഞ്ചായത്ത് സഹായിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിലെ സാമ്പത്തികമായും ആരോഗ്യപരമായും ദുർബലരായവരെ അടിയന്തിര ഘട്ടത്തിൽ സഹായിക്കുക എന്നത് ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന ധർമ്മങ്ങളിലൊന്നാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ധാരാളം ആളുകൾ അധിവസിക്കുന്ന ഒരു പ്രദേശമാണ് അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത്. അടിയന്തിര ഘട്ടങ്ങളിൽ ദുർബല ജനവിഭാഗങ്ങൾക്ക് സഹായം എത്തിക്കുന്നതിനായി എല്ലാ ഗ്രാമ പഞ്ചായത്തിലെയും പ്രസിഡന്റിന്റെ പേരിൽ ഒരു ദുരിതാശ്വാസ നിധി രൂപീകരിച്ച് പ്രവർത്തിക്കണമെന്ന് സർക്കാർ നിർദ്ദേശവുമുണ്ട്.

ഈ ഗ്രാമ പഞ്ചായത്തിൽ 2004 ജനവരിയിൽ പ്രസിഡന്റിന്റെ പേരിലുള്ള ദുരിതാശ്വാസ നിധി ആരംഭിക്കുകയുണ്ടായി. എന്നാൽ ഇതിനായി കാക്കാഴം-നീർക്കുന്നം സർവ്വീസ് കോ-ഓപറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം. 105ൽ തുടങ്ങിയ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ (A/c No. 1896) 5100/- രൂപാ നിക്ഷേപിച്ചതായി കാണുന്നുണ്ടെങ്കിലും നാളിതുവരെ യാതൊരു തുകയും ചെലവഴിച്ചിട്ടില്ല. 31.3.2016 ൽ പലിശയടക്കം 8103/- രൂപാ നീക്കിയിരിപ്പുണ്ട്. 12 വർഷമായി ഈ നിധി നിഷ്ക്രിയമാണ്.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ധാരാളം ആളുകൾ അധിവസിക്കുന്ന ഈ ഗ്രാമ പഞ്ചായത്തിലെ ജനങ്ങൾക്ക് അടിയന്തിര സാഹചര്യങ്ങളിൽ യാതൊരുവിധ സഹായവും കഴിഞ്ഞ 12 വർഷവും ഗ്രാമപഞ്ചായത്തിന് ചെയ്യാൻ സാധിച്ചില്ല എന്നത് തികച്ചും നിരാശാ ജനകമാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-13 അംഗൻവാടികളുടെ ഭൗതിക സാഹചര്യം - അപര്യാപ്തം

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അനേകം കുടുംബങ്ങൾ അധിവസിക്കുന്ന ഈ ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ സാധാരണക്കാരുടെ കുഞ്ഞുങ്ങളുടെ ആശ്രയകേന്ദ്രങ്ങളാണ് ഇവിടുത്തെ അംഗൻവാടികൾ. ആകെ 27 അംഗൻവാടികളാണ് ഇവിടെ പ്രവർത്തിക്കുന്നത്. എന്നാൽ ഇവയിൽ 18 എണ്ണത്തിനു മാത്രമാണ് സ്വന്തമായി ഉപയോഗയോഗ്യമായ കെട്ടിടങ്ങളുള്ളത്. ബാക്കി 9 എണ്ണവും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 2 എണ്ണത്തിന്റെ കെട്ടിട നിർമ്മാണം പുരോഗമിക്കുന്നുണ്ട്. ബാക്കി 7 എണ്ണത്തിന്റ കെട്ടിടനിർമ്മാണത്തിനുള്ള നടപടി നാളിതുവരെ സ്വീകരിച്ചിട്ടില്ല.

27 ൽ 3 എണ്ണത്തിൽ മാത്രമാണ് baby friendly toilet സൗകര്യം ഉള്ളത്. മറ്റ് ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിലും കാര്യമായ പുരോഗതി ഇല്ല. ഇതിൽ നിന്നും അംഗൻവാടികളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിൽ ഗ്രാമ പഞ്ചായത്ത് അധികൃതർ കാര്യമായ ശ്രദ്ധ ചെലുത്തുന്നില്ല എന്നു വ്യക്തമാകുന്നു.

ഗ്രാമ പഞ്ചായത്തിലെ എല്ലാ അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാക്കുന്നതിനും മറ്റ് ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി -- വ്യാപാര സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കുന്നതിൽ

## വീഴ്ച – ഗ്രാമപഞ്ചായത്തിനു വരുമാന നഷ്ടം

ഗ്രാമ പഞ്ചായത്തിന്റെ ഏറ്റവും പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നാണ് വ്യാപാരികളുടെ തൊഴിൽ നികുതി. എന്നാൽ ഈയിനം തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിൽ കാര്യമായ വീഴ്ച ഉണ്ടായിട്ടുള്ളതായി കാണുന്നു. നികുതി ഒടുക്കുവാൻ ബാദ്ധ്യതയുള്ള സ്ഥാപനങ്ങളെ കണ്ടെത്തുന്നതിലും, നികുതി നിർണ്ണയത്തിലും ഉണ്ടായ വീഴ്ച മൂലം ഗ്രാമ പഞ്ചായത്തിന് ഗണ്യമായ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ.

എ)നികുതി ഒടുക്കുവാൻ ബാദ്ധ്യതയുള്ള സ്ഥാപനങ്ങളെ കണ്ടെത്തുന്നതിലുണ്ടായ വീഴ്ച മൂലം വരുമാന നഷ്ടം

2015-16 ൽ കേവലം 381 വ്യാപാര സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. D&O ലൈസൻസ് ആവശ്യമുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് മാത്രമാണ് ഇത്, ലൈസൻസ് ആവശ്യമില്ലാത്തവയുടെ വിവരങ്ങൾ ഇതിൽ ഉൾപ്പെട്ടിട്ടില്ല. ഈ ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഈ ലിസ്റ്റ് താരതമ്യേന ചെറുതാണ്. ഓഡിറ്റു നടത്തിയ പ്രാദേശിക പരിശോധനയിൽ ഗ്രാമ പഞ്ചായത്തിന്റെ പ്രധാന സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ഉയർന്ന വരുമാനമുള്ള പല സ്ഥാപനങ്ങളും ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്നു വ്യക്തമായി.

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട ചില സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. പരമാവധി നിരക്കിൽ (അർദ്ധവർഷം 1250/- പ്രതിവർഷം 2500/-) നികുതി ഈടാക്കാമായിരുന്ന സ്ഥാപനങ്ങളാണ് ഇവ.

1.സഫീദാ എന്റർപ്രൈസസ് (ഐസ് പ്ലാന്റ്)

2.മാർവൽ സൂപ്പർ മാർക്കറ്റ്

3.കൃഷ്ണാ ആർക്കേഡ്

4.കലാ ടൂറിസ്റ്റ് ഹോം

5.ദേവി സ്കാൻസ്

ടി 5 സ്ഥാപനങ്ങളുടെ നികുതിയിനത്തിലുള്ള പ്രതിവർഷ വരുമാന നഷ്ടം

5x 2500 = 12500/-

ഇതുപോലെ അനേകം സ്ഥാപനങ്ങൾ ഗ്രാമ പഞ്ചായത്തിന്റെ ലിസ്റ്റിൽ പെടാതെയുണ്ട്.

ഇതിൽ നിന്നും ഗ്രാമ പഞ്ചായത്തിന് അർഹമായ നികുതി ഒടുക്കേണ്ട സ്ഥാപനങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിൽപോലും വീഴ്ചയുണ്ടായി എന്നു കാണാം.

ബി)നികുതി നിർണ്ണയത്തിലെ പിഴവു മൂലം വരുമാന നഷ്ടമുണ്ടായി

ഓരോ സ്ഥാപനങ്ങളുടെയും വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി ഈടാക്കേണ്ടിയിരുന്നത്. എന്നാൽ പല സ്ഥാപനങ്ങളുടെയും കാര്യത്തിൽ നികുതി നിർണ്ണയം ശരിയായി നടത്തിയിട്ടില്ല എന്നു കാണുന്നു.

കേരളാ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടമനുസരിച്ച് അർദ്ധവർഷം 125000/- രൂപയിൽ അധികം വരുമാനമുള്ള സ്ഥാപനങ്ങളിൽ നിന്നും അർദ്ധവർഷം 1250/- (പ്രതിവർഷം 2500/-) നിരക്കിൽ നികുതി ഈടാക്കാമായിരുന്നു. ഓഡിററ് നടത്തിയ പ്രാദേശിക പരിശോധനയിൽ ശ്രദ്ധയിൽപെട്ട ഉയർന്ന വരുമാനമുള്ള പല സ്ഥാപനങ്ങളിൽ നിന്നും താരതമ്യേന കുറഞ്ഞ നിരക്കിലുള്ള നികുതിയാണ് ഈടാക്കിയിട്ടുള്ളത് എന്നു കാണുന്നു. വിശദാംശം ചുവടെ.

| ക്രമം നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|
| 1 | റേഡിയന്റ് ലാബ് | 2500 | 600 | 1900 |
| 2 | കലാ ആർക്കേഡ് | 2500 | 600 | 1900 |
| 3 | MKY ലോഡ്ജ് | 2500 | 900 | 1600 |
| 4 | KMH ട്രേഡേഴ്സ് (അപ്പോളോ | 2500 | 1500 | 1000 |

| | | | | |
|---|---|---|---|---|
| | ടയർ റീടെയിലർ) | | | |
| 5 | ഫോക്കസ് മോട്ടോഴ്സ് (ടാറ്റാ മോട്ടോഴ്സ്) | 2500 | 1500 | 1000 |
| 6 | സലാമത്ത് ട്രേഡേഴ്സ് (ഇരുമ്പു വ്യാപാരം) | 2500 | 360 | 2140 |
| 7 | മക്കാരൻ ട്രേഡിംഗ് കമ്പനി | 2500 | 1500 | 1000 |
| 8 | മാർവൽ മാർബിൾ | 2500 | 1500 | 1000 |
| 9 | ഹിന്ദ് ട്രേഡിംഗ് കമ്പനി | 2500 | 1500 | 1000 |
| 10 | ജീലാനി ഹോട്ടൽ | 2500 | 1500 | 1000 |
| ടി 10 സ്ഥാപനങ്ങളുടെ നികുതിയിനത്തിലുള്ള പ്രതിവർഷ വരുമാന നഷ്ടം | | | | 13540 |

ടി വിഷയത്തിൽ വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 10/14.11.2016) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ കുറവു വന്ന നികുതി ഈടാക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കുന്നതാണന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നികുതി ഒടുക്കുവാൻ ബാദ്ധ്യതയുള്ള എല്ലാ സ്ഥാപനങ്ങളുടെയും കൃത്യമായ വിവരം തയ്യാറാക്കി ഓരോ സ്ഥാപനത്തിന്റെയും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശരിയായവിധം നികുതി നിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

തൊഴിൽ നികുതി രജിസ്റ്റർ, സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ 2015-16 ഒന്നാം പാദത്തിൽ വണ്ടാനം ടി ഡി മെഡിക്കൽ കോളേജിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു. വിശദവിവരങ്ങൾ ചുവടെ.

| ക്രമ നം. | പേര്, ഉദ്യോഗപ്പേര് | 2015-16ഒന്നാം പാദത്തിലെ ശമ്പളം (രൂ) | തൊഴിൽ നികുതി ഈടാക്കിയത് (രൂ) | തൊഴിൽ നികുതി ഈടാക്കേണ്ടിയിരുന്നത് (രൂ) | കുറവ്. (രൂ) |
|---|---|---|---|---|---|
| 1. | മുഹമ്മദ് സുബൈർ.എസ്സ്. ഓഫീസ് അസിസ്റ്റന്റ് | 1,26,014/- | 1,000/- | 1,250/- | 250/- |
| 2. | രതീഷ് ബാബു.കെ. സ്വീപ്പർ | 1,26,756/- | 1,000/- | 1,250/- | 250/- |
| 3. | ബാലകൃഷ്ണൻ.ആർ. സ്വീപ്പർ | 1,26,756/- | 1,000/- | 1,250/- | 250/- |
| 4. | ബിനു.ആർ. സ്വീപ്പർ | 1,26,756/- | 1,000/- | 1,250/- | 250/- |
| 5. | എ. മണിക്കുട്ടൻ, സ്വീപ്പർ | 1,26,756/- | 1,000/- | 1,250/- | 250/- |
| 6. | റെജിമോൻ.സി.എസ്സ്. (വാച്ച്മാൻ) | 1,26,756/- | 1,000/- | 1,250/- | 250/- |
| 7. | പി.എ.ഷാജി. മോർച്ചറി അറ്റൻഡർ | 1,26,756/- | 1,000/- | 1,250/- | 250/- |
| 8. | പി.ആർ.സിനി. നേഴ്സിംഗ് അസിസ്റ്റന്റ് | 1,28,275/- | 1,000/- | 1,250/- | 250/- |
| 9. | ജയശ്രീ, സ്വീപ്പർ | 125,856/- | 1,000/- | 1,250/- | 250/- |
| 10. | റമീസ, സ്വീപ്പർ | 126,306/- | 1,000/- | 1,250/- | 250/- |
| 11. | പൊന്നമ്മ, സ്വീപ്പർ | 126,306/- | 1,000/- | 1,250/- | 250/- |
| 12. | ലില്ലി.പി.ഡി, സ്വീപ്പർ | 126,306/- | 1,000/- | 1,250/- | 250/- |
| 13. | അജ്മൽ.എസ്സ്., സ്വീപ്പർ | 126,306/- | 1,000/- | 1,250/- | 250/- |
| 14. | നൌഷാദ്.എം. ഗാർഡ്നർ. | 125,856/- | 1,000/- | 1,250/- | 250/- |
| 15. | പുത്രി.ഐ, ഗാർഡ്നർ. | 125,856/- | 1,000/- | 1,250/- | 250/- |
| 16. | സെബാസ്റ്റ്യൻ.എം.എം. (വാച്ച്മാൻ) | 1,26,756/- | 1,000/- | 1,250/- | 250/- |
| 17. | ഉഷ.കെ.ജി. അനിമൽ അറ്റൻഡർ | 125,856/- | 1,000/- | 1,250/- | 250/- |
| 18. | സുനിൽ രാജ്.സി.എസ്സ്. മാർക്കർ | 125,856/- | 1,000/- | 1,250/- | 250/- |
| 19. | സുലോചന.പി.കെ. ഹോസ്പിറ്റൽ അറ്റൻഡർ | 1,25,856/- | 1,000/- | 1,250/- | 250/- |
| 20 | സദാശിവൻ. ടി.കെ. | 1,26,756/- | 1,000/- | 1,250/- | 250/- |

| | | | | | |
|---|---|---|---|---|---|
| | ഹോസ്പിറ്റൽ അറ്റൻഡർ (ഗ്രേ.1) | | | | |
| 21 | രഘു.കെ.കെ. ഹോസ്പിറ്റൽ അറ്റൻഡർ (ഗ്രേ.1) | 1,26,756/- | 1,000/- | 1,250/- | 250/- |
| 22 | രത്നമ്മ. എൻ. ഹോസ്പിറ്റൽ അറ്റൻഡർ (ഗ്രേ.1) | 1,26,756/- | 1,000/- | 1,250/- | 250/- |
| 23 | മഹേശ്വരി. ടി. ഹോസ്പിറ്റൽ അറ്റൻഡർ (ഗ്രേ.1) | 1,25,856/- | 1,000/- | 1,250/- | 250/- |
| 24. | വരദദേവി. വി. ഹോസ്പിറ്റൽ അറ്റൻഡർ (ഗ്രേ.1) | 1,26,756/- | 1,000/- | 1,250/- | 250/- |
| 25 | ജയശ്രീ.എസ്സ്. ഹോസ്പിറ്റൽ അറ്റൻഡർ (ഗ്രേ.2) | 1,25,856/- | 1,000/- | 1,250/- | 250/- |
| 26. | ബീന.കെ.എൽ. ഹോസ്പിറ്റൽ അറ്റൻഡർ (ഗ്രേ.1) | 1,25,856/- | 1,000/- | 1,250/- | 250/- |
| 27. | റെജിമോൾ, ഹോസ്പിറ്റൽ അറ്റൻഡർ | 1,25,856/- | 1,000/- | 1,250/- | 250/- |
| 28. | അഗസ്റ്റിൻ.വി.ആർ. ഹോസ്പിറ്റൽ അറ്റൻഡർ (ഗ്രേ.1) | 1,25,856/- | 1,000/- | 1,250/- | 250/- |
| 29. | അനിത.കെ.എസ്സ്. ഹോസ്പിറ്റൽ അറ്റൻഡർ (ഗ്രേ.1) | 1,25,856/- | 1,000/- | 1,250/- | 250/- |
| | ആകെ. | | | | 7,250/- |

വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.01/11-11-2016) പ്രസ്തുത തുക പിഴപ്പലിശ സഹിതം അടയ്ക്കാവശ്യപ്പെട്ട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന് കത്ത് നൽകിയിട്ടുണ്ടെന്നും, അടവാക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നോ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

## 2-3 കടമുറി വാടകയ്ക്ക് നല്കൽ - ലേല നടപടികളിൽ വീഴ്ച – വരുമാന നഷ്ടമുണ്ടാക്കി

ഗ്രാമ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ 5 - ാം നമ്പർ മുറി 17.4.2015 ൽ നടന്ന ലേല നടപടികൾ പ്രകാരം ശ്രീ. മുഹമ്മദ് ഉനൈസ് എന്നയാൾക്ക് പ്രതിമാസം 2150/- രൂപ നിരക്കിൽ വാടകയ്ക്ക് നല്കിയതായി കാണുന്നു. 27.4.2015 ലെ 4(1) തീരുമാനം പ്രകാരം ലേല നടപടികൾ ഗ്രാമ പഞ്ചായത്ത് അംഗീകരിച്ചിട്ടുണ്ട്. തിരക്കുള്ള ദേശീയപാതയോരത്ത് സ്ഥിതിചെയ്യുന്നതും വളരെയധികം ജനം വന്നു പോകുന്നതുമായ ഈ ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിന്റെ മുൻ

ഭാഗത്തുള്ള പ്രധാന കട മുറിക്ക് ഇത്രയും തുച്ഛമായ വാടകയേ ലഭിക്കുകയുള്ളൂ എന്നത് തികച്ചും അംഗീകരിക്കാവുന്നതല്ല. വർഷങ്ങൾക്കു മുമ്പ് ലേലത്തിൽ പോയതും ഇതേ ഷോപ്പിംഗ് കോംപ്ലക്സിലെ തന്നെ ഉൾഭാഗത്തുള്ളതുമായ 10-ാം നമ്പർ മുറിക്ക് പോലും നിലവിൽ 1920/- വാടകയുള്ളപ്പോൾ ഇത്രയും പ്രധാന സ്ഥലത്തുള്ള ഈ മുറിക്ക് ഈ കാലഘട്ടത്തിൽ കേവലം 2150/- രൂപ മാത്രം വാടക എന്നത് യാതൊരു വിധത്തിലും ന്യായീകരിക്കത്തക്കതല്ല.

ലേല നടപടികളിലും വാടക നിർണ്ണയത്തിലും സംഭവിച്ച ന്യൂനതകൾ മൂലമാണ് വളരെ കുറഞ്ഞ വാടകയ്ക്ക് മുറി ലേലത്തിൽ പോയത് എന്ന് കാണുന്നു. 1.4.2015 ലെ എ3-4664/2015 നമ്പർ നോട്ടീസ് പ്രകാരം ആണ് ലേലപരസ്യം നല്കിയത്. കേവലം 25000/- രൂപ നിക്ഷേപവും 3 മാസത്തെ വാടക മുൻകൂറും നിശ്ചയിക്കപ്പെട്ട ലേലത്തിന്റെ പരസ്യം പൊതുജനം ശ്രദ്ധിക്കത്തക്കവിധം നല്കിയിരുന്നില്ല. ഗ്രാമപഞ്ചായത്ത് കാര്യാലയത്തിന്റെയും കൃഷി ഭവന്റെയും വില്ലേജ് ഓഫീസിന്റെയും നോട്ടീസ് ബോർഡുകളിൽ ഓഫീസ് പേപ്പറിൽ തയ്യാറാക്കിയ നോട്ടീസ് പതിക്കുക മാത്രമാണ് ചെയ്തത്.

പ്രദേശവാസികളിൽ വളരെ ചെറിയ ശതമാനം ആളുകൾ മാത്രമേ ഈ കാര്യാലയങ്ങളിൽ വരാറുള്ളൂ, മാത്രമല്ല വരുന്ന പൊതുജനങ്ങളിൽ ഭൂരിഭാഗവും സാധാരണഗതിയിൽ അവിടെയുള്ള നോട്ടീസുകൾ ശ്രദ്ധിക്കാറില്ല. ഇതിൽ നിന്നും പരസ്യം വിരലിലെണ്ണാവുന്നവർ മാത്രമേ കണ്ടിട്ടുള്ളൂ എന്ന് വ്യക്തം. ഇതിനു പകരം പ്രസ്തുത കടമുറിക്കു മുമ്പിൽ ഒരു ബാനറിൽ വിവരം പരസ്യം ചെയ്തിരുന്നുവെങ്കിൽ വളരെയധികം ജനങ്ങളുടെ ശ്രദ്ധയിൽപ്പെടുകയും ഉയർന്ന വാടക ലഭിക്കാനുള്ള സാഹചര്യം ഉണ്ടാവുകയും ചെയ്യുമായിരുന്നു. ഇവിടെ കുറഞ്ഞ നിക്ഷേപ തുക നിശ്ചയിച്ചതും ലേലത്തിനുള്ള അടിസ്ഥാന വാടക യുക്തി പൂർവ്വം നിശ്ചയിക്കാതിരുന്നതും പ്രത്യേകം ശ്രദ്ധേയമാണ്.

ടി വിഷയത്തിൽ വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 2/14.11.2016) പ്രസ്തുത കാലയളവിലെ സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ *"മുമ്പ് ഇവിടം വെറും ഓണം കേറാമൂലയായിരുന്നു എന്നും കടമുറി ലേലം കൊണ്ടയാൾ ഒന്നര ലക്ഷത്തോളം മുടക്കി ഇപ്പോൾ കാണുന്ന പരിഷ്കാരങ്ങൾ വരുത്തിയാണ് കണ്ണായ രൂപത്തിലാക്കിയത് എന്നും മുമ്പ് ഹരിതം കാർഷിക സ്വയം സഹകരണ സംഘം നല്കിയിരുന്ന 753/- രൂപയിൽ നിന്നും വളരെ ഉയർന്ന വാടകയാണിത് എന്നും"* പറയുന്നു.

സെക്രട്ടറിയുടെ മറുപടിയിൽ വ്യക്തമാക്കുന്ന കാര്യങ്ങൾ ഒരു പരിധിവരെ ശരിയാണെങ്കിലും പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ്, വെറ്ററിനറി ഡിസ്പെൻസറി, ഹോമിയോ ഡിസ്പെൻസറി മുതലായ ഓഫീസുകൾ സ്ഥിതിചെയ്യുന്നതും തിരക്കുള്ള ദേശീയപാതയോരത്തുള്ളതുമായ ഈ സ്ഥലം മുമ്പേ കണ്ണായ സ്ഥലമായിരുന്നു. മുമ്പ് ഒരു സഹകരണ സംഘത്തിനു അനുവദിച്ച വാടക ഇതുമായി താരതമ്യം ചെയ്യുന്നത് ഉചിതവുമല്ല. മാത്രമല്ല ഇതേ കെട്ടിടത്തിന്റെ ഉള്ളിൽ മുമ്പ് വാടകയ്ക്കു പോയ അപ്രധാനമായ മുറിക്കു പോലും ഇതിനടുത്തു വാടകയുണ്ട്. കൂടാതെ മറുപടിയിൽ സൂചിപ്പിച്ച വസ്തുതകൾ ഒന്നും ശരിയായ പ്രചരണം നല്കാത്തതിനെ ന്യായീകരിക്കുന്നതല്ല.

ടി കാരണങ്ങളാൽ ഗ്രാമ പഞ്ചായത്തിന്റ ഉത്തമ താൽപര്യത്തിനു വിരുദ്ധമായി നടത്തപ്പെട്ട ലേല നടപടികൾ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പാലിയേറ്റീവ് കെയർ - സ്വന്തം വാഹനം ഉപേക്ഷിച്ച് വാടക വാഹനം ഉപയോഗിക്കുന്നു - വൻ സാമ്പത്തിക നഷ്ടം

പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്കു വേണ്ടി 2015-16 വർഷം 3,98,043/- രൂപ ചെലവഴിച്ച് ഒരു ആംബുലൻസ് (Maruti EECO Care) വാങ്ങി വർഷം ഒന്നു കഴിഞ്ഞിട്ടും ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. സ്വന്തം വാഹനം ഉപേക്ഷിച്ച് മാസം തോറും വൻ തുക വാഹന വാടകയിനത്തിൽ ചെലവഴിക്കുകയും, ആംബുലൻസ് വാടകയിനത്തിൽ ലഭിക്കാമായിരുന്ന വരുമാനം നഷ്ടപ്പെടുത്തുകയും ചെയ്യുന്നു.

15-09-2015ൽ ആണ് വാഹനം വാങ്ങാനായി തുക ചെലവഴിച്ചത് (29.7.15 ലെ Bill No. 7/15-16Rs. 300000/-, 8/15-16 Rs. 98043/-). 25-10-2015ൽ വാഹനം പഞ്ചായത്തിന് ലഭിച്ചു. വാഹനത്തിന്റെ രജിസ്ട്രേഷൻ നടപടികൾ 31-11-2015ൽ പൂർത്തീകരിച്ചു. എന്നാൽ ഒരു വർഷത്തിന് ശേഷവും, ഓഡിറ്റ് അവസാനിച്ച തീയതി വരെ, അതായത് 16-11-2016 ലും, ആംബുലൻസ് സർവ്വീസ് തുടങ്ങുകയോ, അതിന്റെ നിർവ്വഹണ ചുമതല ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല.

ആംബുലൻസിന്റെ നിർവ്വഹണം ആശുപത്രി വികസന സമിതിയ്ക്ക് കൈമാറാൻ 30-12-2015ൽ കൂടിയ പഞ്ചായത്ത്

കമ്മറ്റി തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ വാഹനം ഏറ്റെടുക്കുവാൻ മെഡിക്കൽ ഓഫീസറോട്, പഞ്ചായത്ത് നിരവധി തവണ ആവശ്യപ്പെട്ടെങ്കിലും പല കാരണങ്ങളും, സംശയങ്ങളും ഉന്നയിച്ച് അദ്ദേഹമത് നിരസിക്കുകയാണുണ്ടായത്. വാഹനവുമായി ബന്ധപ്പെട്ട പലവിധ ചെലവുകളും സൂക്ഷിപ്പും സംബന്ധിച്ച വ്യക്തമായ തീരുമാനം ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്നതു ഇവിടെ ശ്രദ്ധേയമാണ്.

ആംബുലൻസ് വാങ്ങിയതിനു ശേഷവും പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്കു വേണ്ടി വാഹനം വാടകയ്ക്കെടുക്കുന്നതായും കാണുന്നു. സ്വന്തമായി വാഹനം ഉള്ളപ്പോൾ വാഹനം വാടകയ്ക്കെടുക്കേണ്ട യാതൊരു ആവശ്യവുമില്ല. എന്നാൽ പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനും (PHC മെഡിക്കൽ ഓഫീസർ) ഗ്രാമ പഞ്ചായത്ത് അധികൃതരും പരസ്പരം പഴിചാരി ഒരു വർഷമായി ആംബുലൻസ് ഉപയോഗിക്കാതെയിടുകയും നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് തുകയിൽ നിന്നും തുക ചെലവഴിച്ച് വാഹനം വാടകയ്ക്കെടുക്കുകയും ചെയ്യുന്നു. തൽഫലമായി കഴിഞ്ഞ ഒരു വർഷമായി വൻ തുക പാലിയേറ്റീവ് കെയറിന് വാഹനം വാടകയ്ക്ക് എടുത്ത വകയിൽ ഗ്രാമ പഞ്ചായത്തിനു ചെലവായി. (12/15 മുതൽ 03/16 വരെ മാത്രം 56,575/- രൂപ). ഇത് ഒഴിവാക്കാമായിരുന്ന ചെലവായിരുന്നു.

അതുപോലെ ഗ്രാമപഞ്ചായത്തിലെ പ്രവർത്തനങ്ങൾക്ക് ആവശ്യമില്ലാത്ത സമയത്ത് വാടകയ്ക്ക് നല്കിയിരുന്നെങ്കിൽ ലഭിക്കുമായിരുന്ന വരുമാനവും നഷ്ടപ്പെട്ടു.

ഇതു കൂടാതെ ഒരു വർഷമായി വാഹനം ഓടാതിരിക്കുന്നതിനാൽ അതിന്റെ ബാറ്ററിയും മറ്റ് ഇലക്ട്രിക് ഉപകരണങ്ങളും ഉപയോഗശൂന്യമായിട്ടുണ്ടാകും. അതുപോലെ ടയറിന്റേയും മറ്റും ലൈഫ് സ്പാനിലും കുറവ് സംഭവിക്കും. ഇങ്ങനെ പലയിനങ്ങളിലായി പഞ്ചായത്തിന് വലിയ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6/14-11-2016) ആ കാലഘട്ടത്തിലെ സെക്രട്ടറി നല്കിയ മറുപടിയിൽ, " *മെഡിക്കൽ ഓഫീസർ ആംബുലൻസ് ഏറ്റെടുക്കാത്തതിനാലാണ് ഇങ്ങനെയൊരവസ്ഥ ഉണ്ടായതെന്നും, നേരിട്ട് നിർവ്വഹണം നടത്തുന്നതിന് പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടെന്നും* " അറിയിച്ചിട്ടുണ്ട്. മെഡിക്കൽ ഓഫീസർക്ക് നല്കിയ ഓഡിറ്റ് അന്വഷണത്തിന് (07/14-11-2016) വിശദീകരണം നൽകിയിട്ടില്ല.

ഇത്തരമൊരു പ്രശ്നത്തെ അവധാനതയോടെ സമീപിച്ച്, പരിഹാരം കാണേണ്ടതിന് പകരം പരസ്പരം പഴിചാരി വിഷയം കൂടുതൽ സങ്കീർണ്ണമാക്കുവാനാണ് ഇരു കൂട്ടരും ശ്രമിച്ചതെന്നാണ് ഫയലിൽ നിന്നും മനസ്സിലാകുന്നത്. കാരണങ്ങൾ എന്തു തന്നെയായാലും ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് സംഭവിച്ചത് വൻ നഷ്ടമാണ്.

വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് ഗ്രാമപഞ്ചായത്തിന് കൂടുതൽ നഷ്ടമുണ്ടാകുന്നത് ഒഴിവാക്കേണ്ടതും ഉണ്ടായ നഷ്ടം തിട്ടപ്പെടുത്തി ഉത്തരവാദികളിൽ നിന്നും ഈടാക്കി ഗ്രാമ പഞ്ചായത്തു നിധിയിൽ ഒടുക്കേണ്ടതുമാണ്.. വിഷയത്തിൽ ഭരണസമിതിയുടെയും ഭരണവകുപ്പിന്റെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

വാടകയിനത്തിൽ ഉണ്ടായ ഒഴിവാക്കാമായിരുന്ന ചെലവ് 56,575/- രൂപ (2015-16 ലെ മാത്രം) ടി കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു.

## 3-2 ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ ടാറിംഗ് വേലകളിൽ ടാറിന്റെ വില വ്യത്യാസം ബില്ലുകളിൽ നിന്നും കുറവു ചെയ്തില്ല - അധിക ചെലവ്

2015-16 ൽ നടപ്പാക്കിയ മരാമത്തു വേലകളുടെ എസ്റ്റിമേറ്റ് DSR-2014 പ്രകാരമാണ് തയ്യാറാക്കിയത്. ഇവയിൽ ടാറിംഗ് വേലകളിൽ ടാറിന്റെ (Bitumen VG – 10) വില താഴെ പറയും പ്രകാരമാണ് നിശ്ചയിച്ചത്.

| | |
|---|---|
| ടാർ വില (ടണ്ണിന്) | 50600.00 |
| കാര്യേജ് | 106.49 |
| ആകെ | 50706.49 |
| കോസ്റ്റ് ഇൻഡക്സ് (1.4571) സഹിതം | 73884.43/Tonne=രൂ.73.88/kg |

എന്നാൽ ഈ കാലഘട്ടങ്ങളിൽ ഗുണഭോക്തൃ സമിതികൾക്ക് ഇതിലും വളരെ കുറഞ്ഞ നിരക്കിലാണ് ടാർ ലഭിച്ചിട്ടുള്ളത്. ഗുണഭോക്തൃ സമിതികൾ മുഖേന നടത്തപ്പെടുന്ന വേലകളിൽ യഥാർത്ഥ ചെലവു തുകയിൽ അധികരിക്കുന്ന ബിൽ തുക നല്കേണ്ടതില്ല. ഗുണഭോക്തൃ സമിതികൾ സമർപ്പിക്കുന്ന കണക്കുകളിൽ ടാറിന്റെ വില ഒഴികെയുള്ള ഇനങ്ങളുടെ ആധികാരികത പരിശോധിച്ചുറപ്പാക്കുവാൻ യാതൊരു സംവിധാനവുമില്ല. (ഇവിടെ മസ്റ്റർ

റോൾ, വിവിധ സാധനങ്ങളുടെ ബില്ലുകൾ എന്നീയിനങ്ങളിൽ സമർപ്പിച്ചിട്ടുള്ള രേഖകളിൽ മിക്കതും യാധാർത്ഥ്യവുമായി ബന്ധമുള്ളവയല്ല.) ടാറിന്റെ വിലയ്ക്ക് മാത്രമാണ് ആധികാരിക രേഖയുള്ളത്. തൻമൂലം ബില്ല പ്രകാരമുള്ള ടാർ വിലയിൽ അധികരിച്ച തുക ഈയിനത്തിൽ ഗുണഭോക്തൃ സമിതിക്ക് നൽകേണ്ടതില്ല.

ആയതിനാൽ ടാറിന്റെ യഥാർത്ഥ വിലയിൽ അധികരിച്ച് വർക്ക് ബില്ലുകളിൽ ടാർ വിലയിനത്തിൽ കണക്കാക്കിയ തുക കുറവു ചെയ്ത മാത്രമേ ഫൈനൽ ബിൽ നല്കാമായിരുന്നുള്ളൂ. എന്നാൽ 2015-16 കാലഘട്ടത്തിൽ ഗ്രാമ പഞ്ചായത്തിൽ DSR നിരക്കിൽ തയ്യാറാക്കിയ ടാറിംഗ് വേലകളുടെ ബില്ലിൽ നിന്നും ഇപ്രകാരം കുറവു വരുത്താതിരുന്നതു മൂലം കൺവീനർമാർക്ക് അധിക തുക നല്കാനിടയായി.

ടി വിഷയത്തിൽ വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.11/14.11.2016) അസി. എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ *"പരിചയക്കുറവും അറിവില്ലായ്മയും മൂലമാണ് ഇപ്രകാരം അധിക തുക നല്കാനിടയായത്"* എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ടി ന്യൂനതകൾ മൂലം കൺവിനർമാർക്ക് അധിക തുക നല്കാനിടയായ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1.പ്രോ. നം.S0085/16 മന്നം റോഡ് ടാറിംഗ് (രണ്ടാം ഘട്ടം)

| | | |
|---|---|---|
| കൺവീനർ | : | ഗ്രിഗറി.സി.തയ്യിൽ |
| *കരാർ നമ്പർ* | : | *28/AE/LSG/ANGP/15-16 തീയതി 10.9.2015* |
| *അളവു പുസ്തകം നമ്പർ* | : | *19/15-16* |
| *ആകെ മൂല്യം (വാറ്റ്, ക്ഷേമനിധി വിഹിതം എന്നിവ സഹിതം)* | : | *രൂ.250184/-*<br>*പദ്ധതി അടങ്കലിൽ ക്ലിപ്തപ്പെടുത്തി രൂ. 250000/-* |
| *ചെലവഴിച്ച തുക (ബാരൽ വില കുറച്ച്)* | : | *രൂ.248687/-*<br>*ബിൽ നം. 40/15-16 തീയതി.27.2.16 രൂ.248687/-* |
| ടാറിംഗ് വിസ്തീർണ്ണം | : | 243 $m^2$ |
| ഉപയാഗിച്ച ടാറിന്റെ അളവ് *(3.17kg/$m^2$ നിരക്കിൽ)* | : | 770.31kg |
| ടാറിന് അനുവദിക്കപ്പെട്ട മൂല്യം *(രൂ. 73.88/kgനിരക്കിൽ)* | : | രൂ. 56911/- |
| ടാറിന് അനുവദനീയമായ പരമാവധി മൂല്യം *(കൺവീനർ ഹാജരാക്കിയ കണക്കു പ്രകാരം ടാറിന്റെ വില)* | : | *രൂ.30327/-*<br>*(Sidco Invoice Nos. 10777 & 10778 dtd. 8.12.15 പ്രകാരമുള്ള തുകകൾ ആണ് കണക്കിൽ കാണിച്ചിട്ടുള്ളത്. ഇതിൽ Emulsion RS -1 ന്റെ വിലയും ഉൾപ്പെടുന്നുണ്ട് എങ്കിലും ആയതും കൂടി ഇവിടെ അനുവദനീയ തുകയായി എടുക്കുന്നു.)* |
| ഇതനുസരിച്ച് ടാറിന്റെ വില വ്യത്യാസം ഇനത്തിൽ | : | 56911-30327 = 26584/- |

| | |
|---|---|
| ഫൈനൽ ബില്ലിൽ കുറവുചെയ്യേണ്ടിയിരുന്ന തുക | പദ്ധതി അടങ്കലിൽ ക്ലിപ്തപ്പെടുത്താൻ കുറവു ചെയ്ത തുക (രൂ. 184/-) ക്രമീകരിച്ചാലുള്ള അധിക ചെലവ്<br>26584 – 184 = 26400/- |
| എന്നാൽ ടാറിന്റെ വില വ്യത്യാസം ഇനത്തിൽ യാതൊരു തുകയും ഫൈനൽ ബില്ലിൽ കുറവു ചെയ്യാതിരുന്നതു മൂലം 26400/-രൂപ കൺവീനർക്ക് അധികം നല്കാനിടയായി. ഈ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. | |

2.പ്രോ. നം.S0114 പള്ളിമുക്ക് കൊല്ലശ്ശേരി റോഡ് ടാറിംഗ്

| | | |
|---|---|---|
| കൺവീനർ | : | ഗ്രിഗറി . സി. തയ്യിൽ |
| *കരാർ നമ്പർ* | : | *12/AE/LSGD/ANGP/15-16 തീയതി 24.8.2015* |
| *അളവു പുസ്തകം നമ്പർ* | : | *18/15-16* |
| *ആകെ മൂല്യം*<br>*(വാറ്റ്, ക്ഷേമനിധി വിഹിതം എന്നിവ സഹിതം)* | : | *രൂ.491077/-* |
| *ചെലവഴിച്ച തുക*<br>*(ബാരൽ വില കുറച്ച്)* | : | *രൂ.488977/-*<br>*ബിൽ നം. 38/15-16 തീയതി.27.2.16 രൂ.488977/-* |
| ടാറിംഗ് വിസ്തീർണ്ണം | : | 387.50 $m^2$ |
| ഉപയാഗിച്ച ടാറിന്റെ അളവ്<br>*(3.17kg/$m^2$ നിരക്കിൽ)* | : | 1228.38kg |
| ടാറിന് അനുവദിക്കപ്പെട്ട മൂല്യം<br>*(രൂ. 73.88/kgനിരക്കിൽ)* | : | രൂ. 90753/- |
| ടാറിന് അനുവദനീയമായ പരമാവധി മൂല്യം<br>*(കൺവീനർ ഹാജരാക്കിയ കണക്കു പ്രകാരം ടാറിന്റെ വില)* | : | രൂ.68083/-<br>*(Sidco Invoice Nos. 10775 & 10776 dtd. 8.12.15 പ്രകാരമുള്ള ആകെ തുക43756/- ആണ് ഇതിൽ Emulsion RS -1 ന്റെ വിലയും ഉൾപ്പടുന്നുണ്ട്. കൂടാതെ 10.8.15 ൽ വാങ്ങിയ 13 ബാരൽ ടാറിന്റെ ബില്ലും. ഫയലിൽ ഉണ്ട്. ഇത് എതൊക്കെ പ്രവർത്തികൾക്കു വേണ്ടി വാങ്ങിയതാണന്ന് വ്യക്തമാക്കിയിട്ടില്ല.* |

| | | |
|---|---|---|
| | | *കൺവീനർ സമർപ്പിച്ച കണക്ക പ്രകാരമുള്ള തുക തല്ക്കാലം അംഗീകരിക്കുന്നു.)* |
| ഇതനുസരിച്ച് ടാറിന്റെ വില വ്യത്യാസം ഇനത്തിൽ ഫൈനൽ ബില്ലിൽ കുറവുചെയ്യേണ്ടിയിരുന്ന തുക | : | 90753 – 68083 = 22670/- |
| എന്നാൽ ടാറിന്റെ വില വ്യത്യാസം ഇനത്തിൽ യാതൊരു തുകയും ഫൈനൽ ബില്ലിൽ കുറവു ചെയ്യാതിരുന്നതു മൂലം 22670/-രൂപ കൺവീനർക്ക് അധികം നല്കാനിടയായി. ഈ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. | | |

3.പ്രോ. നം.S00142/16 മന്നം റോഡ് ടാറിംഗ് (ഒന്നാം ഘട്ടം)

| | | |
|---|---|---|
| കൺവീനർ | : | ഗ്രിഗറി . സി. തയ്യിൽ |
| *കരാർ നമ്പർ* | : | *05(A)/AE/LSGD/ANGP/15-16 തീയതി 13.4.2015* |
| *അളവു പുസ്തകം നമ്പർ* | : | *17/15-16* |
| *ആകെ മൂല്യം*<br>*(വാറ്റ്, ക്ഷേമനിധി വിഹിതം എന്നിവ സഹിതം)* | : | *രൂ.272887/-* |
| *ചെലവഴിച്ച തുക*<br>*(ബാരൽ വില കുറച്ച്)* | : | *രൂ.270787/-*<br>*ബിൽ നം. 45/15-16 തീയതി.29.2.16 രൂ.200000/-*<br>*ബിൽ നം. 50/15-16 തീയതി.29.2.16 രൂ.70787/-* |
| ടാറിംഗ് വിസ്തീർണ്ണം | : | 384 $m^2$ |
| ഉപയാഗിച്ച ടാറിന്റെ അളവ്<br>*(3.17kg/$m^2$ നിരക്കിൽ)* | : | 1217.28kg |
| ടാറിന് അനുവദിക്കപ്പെട്ട മൂല്യം<br>*(രൂ. 73.88/kgനിരക്കിൽ)* | : | രൂ. 89933/- |
| ടാറിന് അനുവദനീയമായ പരമാവധി മൂല്യം<br>*(കൺവീനർ ഹാജരാക്കിയ കണക്ക പ്രകാരം ടാറിന്റെ വില)* | : | രൂ.43717/-<br>*(Sidco Invoice Nos. 10773 & 10774 dtd. 8.12.15 പ്രകാരമുള്ള തുകകൾ ആണ് കണക്കിൽ കാണിച്ചിട്ടുള്ളത്. ഇതിൽ Emulsion RS -1 ന്റെ വിലയും ഉൾപ്പെടുന്നുണ്ട് എങ്കിലും ആയതും കൂടി ഇവിടെ അനുവദനീയ തുകയായി* |

| | | |
|---|---|---|
| | | *എടുക്കുന്നു.)* |
| ഇതനുസരിച്ച് ടാറിന്റെ വില വ്യത്യാസം ഇനത്തിൽ ഫൈനൽ ബില്ലിൽ കുറവുചെയ്യേണ്ടിയിരുന്ന തുക | : | 89933 - 43717 = 46216/- |
| എന്നാൽ ടാറിന്റെ വില വ്യത്യാസം ഇനത്തിൽ യാതൊരു തുകയും ഫൈനൽ ബില്ലിൽ കുറവു ചെയ്യാതിരുന്നതു മൂലം 46216/- രൂപ കൺവീനർക്ക് അധികം നല്കാനിടയായി. ഈ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. | | |

4.പ്രോ. നം.S0154/16 S N കവലയിൽ നിന്നും വടക്കോട്ട് റോഡ് ടാറിംഗ് (രണ്ടാം ഘട്ടം)

| | | |
|---|---|---|
| കൺവീനർ | : | ഗ്രിഗറി . സി. തയ്യിൽ |
| *കരാർ നമ്പർ* | : | *42/AE/LSGD/ANGP/15-16 തീയതി 11.11.2015* |
| *അളവു പുസ്തകം നമ്പർ* | : | *20/15-16* |
| *ആകെ മൂല്യം*<br>*(വാറ്റ്, ക്ഷേമനിധി വിഹിതം എന്നിവ സഹിതം)* | : | *രൂ.151112/-* |
| *ചെലവഴിച്ച തുക*<br>*(ബാരൽ വില കുറച്ച്)* | : | *രൂ.150324/-*<br>*ബിൽ നം. 34/15-16 തീയതി.27.2.16 രൂ.95712/-*<br>*ബിൽ നം. 35/15-16 തീയതി.27.2.16 രൂ.2200/-*<br>*ബിൽ നം. 76/15-16 തീയതി.31.3.16 രൂ.52412/-* |
| ടാറിംഗ് വിസ്തീർണ്ണം | : | 204.60 $m^2$ |
| ഉപയാഗിച്ച ടാറിന്റെ അളവ്<br>*(3.17kg/$m^2$ നിരക്കിൽ)* | : | 648.58 kg |
| ടാറിന് അനുവദിക്കപ്പെട്ട മൂല്യം<br>*(രൂ. 73.88/kgനിരക്കിൽ)* | : | രൂ. 47917/- |
| ടാറിന് അനുവദനീയമായ പരമാവധി മൂല്യം<br>*(കൺവീനർ ഹാജരാക്കിയ കണക്കു പ്രകാരം ടാറിന്റെ വില)* | : | രൂ.24161/-<br>*(Sidco Invoice Nos. 10779 & 10780 dtd. 8.12.15 പ്രകാരമുള്ള തുകകൾ ആണ് കണക്കിൽ കാണിച്ചിട്ടുള്ളത്. ഇതിൽ Emulsion RS -1 ന്റെ വിലയും ഉൾപ്പടുന്നുണ്ട് എങ്കിലും ആയതും കൂടി ഇവിടെ അനുവദനീയ തുകയായി എടുക്കുന്നു.)* |

| | | |
|---|---|---|
| ഇതനുസരിച്ച് ടാറിന്റെ വില വ്യത്യാസം ഇനത്തിൽ ഫൈനൽ ബില്ലിൽ കുറവുചെയ്യേണ്ടിയിരുന്ന തുക | : | 47917 - 24161 = 23756/- |
| എന്നാൽ ടാറിന്റെ വില വ്യത്യാസം ഇനത്തിൽ യാതൊരു തുകയും ഫൈനൽ ബില്ലിൽ കുറവു ചെയ്യാതിരുന്നതു മൂലം 23756/- രൂപ കൺവീനർക്ക് അധികം നല്കാനിടയായി. ഈ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. | | |

5.പ്രോ. നം.S0113/16 ചെറുവള്ളിത്തറ ബ്രിഡ്ജ് റോഡ് ടാറിംഗ്

| | | |
|---|---|---|
| കൺവീനർ | : | മോഹനൻ |
| *കരാർ നമ്പർ* | : | *10 A/AE/LSG /ANGP/15-16 തീയതി 28.6.2015* |
| *അളവു പുസ്തകം നമ്പർ* | : | *16/15-16* |
| *ആകെ മൂല്യം*<br>*(വാറ്റ്, ക്ഷേമനിധി വിഹിതം എന്നിവ സഹിതം)* | : | *രൂ.489743/-* |
| *ചെലവഴിച്ച തുക*<br>*(ബാരൽ വില കുറച്ച്)* | : | *രൂ.486330/-*<br>*ബിൽ നം. 57/15-16 തീയതി.18.3.2016 രൂ.486330/-* |
| ടാറിംഗ് വിസ്തീർണ്ണം | : | 651 $m^2$ |
| ഉപയാഗിച്ച ടാറിന്റെ അളവ്<br>*(3.17kg/$m^2$ നിരക്കിൽ)* | : | 2063.671kg |
| ടാറിന് അനുവദിക്കപ്പെട്ട മൂല്യം<br>*(രൂ. 73.88/kgനിരക്കിൽ)* | : | രൂ. 152464/- |
| ടാറിന് അനുവദനീയമായ പരമാവധി മൂല്യം<br>*(കൺവീനർ ഹാജരാക്കിയ കണക്കു പ്രകാരം ടാറിന്റെ വില)* | : | *രൂ.66300/-*<br>*(HPCL Invoice Nos. 0041933 dtd. 10.1.2016 പ്രകാരമുള്ള തുക)* |
| ഇതനുസരിച്ച് ടാറിന്റെ വില വ്യത്യാസം ഇനത്തിൽ ഫൈനൽ ബില്ലിൽ കുറവുചെയ്യേണ്ടിയിരുന്ന തുക | : | 152464 – 66300 = 86164/- |
| എന്നാൽ ടാറിന്റെ വില വ്യത്യാസം ഇനത്തിൽ യാതൊരു തുകയും ഫൈനൽ ബില്ലിൽ കുറവു ചെയ്യാതിരുന്നതു മൂലം 86164/- രൂപ കൺവീനർക്ക് അധികം നല്കാനിടയായി. ഈ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. | | |

5 പ്രോജക്ടുകളുടെ ഫൈനൽ ബില്ലിൽ ആവശ്യമായ കുറവു വരുത്താത്തതിനാൽ ആകെ (26400 + 22670 + 46216 +23756 + 86164) 205206/-അധികം നൽകിയിട്ടുണ്ട്. ഈ തുക ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും ഈടാക്കി

ഗ്രാമപഞ്ചായത്തു നിധിയിൽ ഒടുക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

## 3-3 ഒരേ വ്യക്തി തന്നെ 7 മരാമത്തു വേലകളുടെ കൺവീനർ

2015-16 ൽ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത മരാമത്തു വേലകളിൽ ഭൂരിഭാഗവും ഗുണഭോക്തൃസമിതി മുഖേനയാണ് നടപ്പാക്കിയത്. ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ കാര്യത്തിൽ ഓരോ പദ്ധതികളുടെയും യഥാർത്ഥ ഗുണഭോക്താക്കൾ മാത്രമാണ് ബന്ധപ്പെട്ട ഗുണഭോക്തൃസമിതികളിൽ അംഗങ്ങളായി വരേണ്ടതും അവരിൽപ്പെട്ട ഒരാൾ തന്നെയാണ് സമിതിയുടെ കൺവീനർ ആകേണ്ടതും. എന്നാൽ തൻവർഷം നടപ്പക്കിയ താഴപ്പറയുന്ന 7 മരാമത്തു വേലകളുടെയെല്ലാം ഗുണഭോക്തൃ സമിതി കൺവീനർ ഗ്രിഗറി. സി. തയ്യിൽ എന്നയാളാണ്.

1.പ്രോ. നം. S0068/16 കൊല്ലശ്ശേരി ആഞ്ഞിലിവേലി റോഡ് മെറ്റലിംഗ്

2.പ്രോ. നം. S0085/16 മന്നം റോഡ് ടാറിംഗ് (രണ്ടാം ഘട്ടം)

3.പ്രോ. നം. S0114/16 പള്ളിമുക്ക് കൊല്ലശ്ശേരി റോഡ് ടാറിംഗ്

4.പ്രോ. നം. S0131/16 S N കവലയിൽ നിന്നും വടക്കോട്ട് റോഡ് ടാറിംഗ്

5.പ്രോ. നം. S0135/16 പാച്ചേരി മുതൽ തെക്കോട്ട് റോഡ് ടാറിംഗ്

6.പ്രോ. നം. S0142/16 മന്നം റോഡ് ടാറിംഗ് (ഒന്നാം ഘട്ടം)

7.പ്രോ. നം. S0154/16 S N കവലയിൽ നിന്നും വടക്കോട്ട് റോഡ് ടാറിംഗ് (രണ്ടാം ഘട്ടം)

ടി വിഷയത്തിൽ വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.13/14.11.2016) അസി. എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ "*ഗുണഭോക്തൃ സമിതി തെരഞ്ഞെടുത്ത് പഞ്ചായത്തു സമിതി അംഗീകരിച്ചയാളാണ് ടിയാനെന്നും ലാഭേച്ഛയില്ലാതെ ഗുണമേന്മയുള്ള പ്രവൃത്തി ചെയ്യുന്നയാളാണ് ടിയാനെന്നും വരുന്ന സാമ്പത്തിക വർഷം മുതൽ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി ആയത് ആവർത്തിക്കാതെ ശ്രദ്ധിച്ചുകൊള്ളാമെന്നും*" വ്യക്തമാക്കുന്നു.

ഒരേ വ്യക്തിയെത്തന്നെ ഇത്രയും പദ്ധതികളുടെ ഗുണഭോക്തൃ സമിതി കൺവീനറാക്കിയ നടപടി വികേന്ദ്രീകൃതാസൂത്രണ പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കു കടക വിരുദ്ധമാണ്. വിഷയം ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-4 ഖരമാലിന്യ നിർമ്മാർജ്ജനം - സംസ്കരണം - പദ്ധതി ഗ്രാമ പഞ്ചായത്തിന്റെ ഉത്തമ താൽപര്യത്തിനനുസൃതമായി പുനർക്രമീ കരിക്കേണ്ടതാണ്

പ്രോജക്റ്റ് നം. എസ്സ്.0040/16

അടങ്കൽ 8,50,000/-

ചെലവ് 7,81,998/-

പഞ്ചായത്ത് നടപ്പിലാക്കി വരുന്ന ഖരമാലിന്യ നിർമ്മാർജ്ജനവും, സംസ്കരണവും എന്ന പദ്ധതി തികച്ചും അഭിനന്ദനാർഹവും, അതുപോലെ തന്നെ മാതൃകാപരവുമാണ്. പഞ്ചായത്ത് പരിധിയിലുള്ള ഹോട്ടലുകളടക്കമുള്ള വ്യാപാര സ്ഥാപനങ്ങൾ, മെഡിക്കൽ-നേഴ്സിംഗ്-ദന്തൽ കോളേജുകൾ എന്നിവിടങ്ങളിലെ ജൈവ-അജൈവ മാലിന്യങ്ങൾ ശേഖരിച്ച്, അവ തരംതിരിച്ച് സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള 4 എയ്റോബിക് കംപോസ്റ്റ് യൂണിറ്റുകളിലായി നിക്ഷേപിച്ച് അവ വളമാക്കി മാറ്റി സ്ഥല ഉടമകൾ കൃഷി ആവശ്യത്തിനായി ഉപയോഗിക്കുന്നു. ഇതിനായി പഞ്ചായത്ത് 10 കുടുംബശ്രീ വനിതകളെ നിയോഗിച്ചിട്ടുണ്ട്. ഒരു വാഹനവും ഈയാവശ്യത്തിനായി വിട്ടു നൽകിയിട്ടുണ്ട്. ഇതിന്റെയൊക്കെ ചെലവ് വഹിക്കുന്നത് പഞ്ചായത്താണ്. ഈ പദ്ധതി നന്നായി നടക്കുന്നുണ്ടെങ്കിലും, ചെറിയ തോതിലുള്ള പിഴവുകൾ കടന്നുകൂടിയിട്ടുള്ളതായി കാണാം.

കുടുംബശ്രീ വനിതകളുതട ശമ്പളവും, വാഹനത്തിന്റേയും, ഡ്രൈവറുടേയും ചെലവുകളും മറ്റും തുടർച്ചയായി വഹിച്ചു പോരുന്നത് പഞ്ചായത്താണ്. ഓഡിറ്റു വർഷം ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് 781998/- രൂപാ ചെലവായിട്ടുണ്ട്. മാലിന്യ ശേഖരണം നടത്തുന്നതിൽ മെഡിക്കൽ-നേഴ്സിംഗ്-ദന്തൽ കോളേജുകൾ ഒഴികെയുള്ളവ സ്വകാര്യ സ്ഥാപനങ്ങളാണ്. അവരിൽ നിന്നും നിശ്ചിത ഫീസ് ഈടാക്കിയാൽ പഞ്ചായത്തിന്റെ സാമ്പത്തിക ബാദ്ധ്യത വലിയൊരളവോളം മാറിക്കിട്ടും. ഇതിനായി ഒരു ബൈലോ തയ്യാറാക്കാവുന്നതാണ്. എന്നാൽ ഈ വഴിക്കുള്ള

യാതൊരു നീക്കവും പഞ്ചായത്ത് നടത്തിയതായി കാണുന്നില്ല.

അതുപോലെ ഉൽപ്പാദിപ്പിക്കുന്ന വളം മുഴുവനായും ഉപയോഗിക്കുന്നത് കംപോസ്റ്റ് യൂണിറ്റുകൾ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളുടെ ഉടമകളാണ്. ഈയിനത്തിലും പഞ്ചായത്തിന് യാതൊരു സാമ്പത്തിക നേട്ടവുമുണ്ടാകുന്നില്ല.

മറ്റൊന്ന് സ്ഥലം ഉടമയും പഞ്ചായത്തും തമ്മിൽ ഏതെങ്കിലും തരത്തിലുള്ള കരാറിൽ ഏർപ്പെട്ടിട്ടുള്ളതായും കാണുന്നില്ല. അതുകൊണ്ട് തന്നെ സ്ഥലമുടമയ്ക്ക് എപ്പോൾ വേണമെങ്കിലും ഈ പദ്ധതിയിൽ നിന്നും പിൻമാറാവുന്നതാണ്. അങ്ങനെ പിൻമാറിയാൽ പഞ്ചായത്ത് സ്ഥലമുടമയുടെ പുരയിടത്തിൽ എയറോബിക് യൂണിറ്റിനായി നടത്തിയ ലക്ഷക്കണക്കിന് രൂപയുടെ നിക്ഷേപം പാഴായിപ്പോവുകയും ചെയ്യും.

ടി വിഷയങ്ങളിൽ വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 8/14.11.2016) യാതൊരു മറുപടിയും ലഭ്യമാക്കിയില്ല.

വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് ഈ പദ്ധതിക്കായി ചെലവാകുന്ന തുകയുടെ ഒരു പരിധിവരെയെങ്കിലും ഫീസിനത്തിലും വളം വിലയിനത്തിലും ലഭ്യമാക്കത്തക്ക വിധം ഗ്രാമ പഞ്ചായത്തിന്റ ഉത്തമ താല്പര്യത്തിനനുസൃതമായി നിയമാവലി തയ്യാറാക്കി, ആവശ്യമായ കരാർ ചമച്ച് പദ്ധതി പുനർ ക്രമീകരിക്കേണ്ടതാണ്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-5 <u>വെള്ളക്കരം - ഉപയോഗിക്കാത്ത വെള്ളത്തിനും ചാർജ്ജ് നല്കുന്നു</u>

വാട്ടർ അതോറിറ്റിയുടെ കണക്ക് പ്രകാരം ഗ്രാമപഞ്ചായത്ത് 31-03-2016 വരെ അതോറിറ്റിയ്ക്ക് നൽകാനുള്ള വെള്ളക്കര കുടിശിക 2% ഫൈൻ അടക്കം 55,72,829/- രൂപയാണ്. വാട്ടർ അതോറിറ്റി നൽകുന്ന കണക്ക് മുൻനിർത്തിയാണ് പഞ്ചായത്ത് വർഷം തോറും ഭീമമായ തുക അതോറിറ്റിയ്ക്ക് നൽകുന്നത്. എന്നാൽ വർഷങ്ങളായി ഉപയാഗമില്ലാത്ത 85 ടാപ്പുകളുടെ ചാർജ്ജും ഇതിൽ ഉൾപ്പെടുന്നതു മൂലം ഗ്രാമ പഞ്ചായത്തിന് ഭീമമായ നഷ്ടം ഉണ്ടാകുന്നു.

2013 ജനവരി മാസം നടത്തിയ സംയുക്ത പരിശോധനയിൽ, പ്രവർത്തനക്ഷമമല്ലെന്ന് കണ്ടെത്തിയ 81 ടാപ്പുകളടക്കം 85 ടാപ്പുകൾ നിർത്തലാക്കുവാൻ തീരുമാനമെടുക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഡിഡി നമ്പർ 814998 പ്രകാരം ടാപ്പുകളുടെ കട്ടിംഗ്, സെന്റേജ്, കണ്ടിൻജൻസി ചാർജ്ജുകൾ അടക്കം 70,000/- രൂ. 24-02-2015 ൽ അതോറിറ്റിയ്ക്ക് നൽകുകയും ചെയ്തു. എന്നാൽ ഇപ്പോഴും ഈ 85 ടാപ്പുകളുടേതടക്കമുള്ള തുകയാണ് വാട്ടർ അതോറിറ്റി പഞ്ചായത്തിന് നൽകുന്നത്. ഒരു ടാപ്പിന് വാട്ടർ അതോറിറ്റി നിശ്ചയിച്ചിരിക്കുന്ന തുക പ്രതിവർഷം 5,250/- രൂപയാണ്. അങ്ങനെവരുമ്പോൾ 85 ടാപ്പിന് ഒരു വർഷം 4,46,250/- രൂപ അധികമായി പഞ്ചായത്ത് അതോറിറ്റിയ്ക്ക് നൽകേണ്ടി വരുന്നു.

അതുപോലെ 2015-16 ൽ ഗാർഹിക കുടിവെള്ള പദ്ധതി പ്രകാരം 169 ടാപ്പുകൾ സജ്ജമാക്കി ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. 2016-17 വർഷം 90ടാപ്പുകൾ കൂടി നൽകുവാനും അനുമതിയായിട്ടുണ്ട്. അപ്പോൾ ഉപയോഗമില്ലാത്ത പൊതുടാപ്പുകളുടെ എണ്ണം വീണ്ടും വർദ്ധിക്കാൻ സാദ്ധ്യതയുണ്ട്. ഇതനുസരിച്ച് വാട്ടർ ചാർജ്ജ് വീണ്ടും കുറയുകയും ചെയ്യും.

ഈ വിഷയത്തിൽ പഞ്ചായത്ത് എടുത്ത നടപടികൾ സംബന്ധിച്ച വിശദാംശം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.02/14-11-2016) ലഭ്യമാക്കിയ മറുപടിയിൽ "*വാട്ടർ അതോറിറ്റി അധികൃതരോട് ഇക്കാര്യം നേരിൽ കണ്ട് സംസാരിക്കുകയും നിരവധി കത്തിടപാടുകൾ നടത്തുകയും ചെയ്തെങ്കിലും യാതൊരു നടപടികളും അതോറിറ്റി സ്വീകരിച്ചിട്ടില്ലെന്നും, നടപടികളൊന്നും ഉണ്ടാകാത്തതിനാൽ ഗ്രാമപഞ്ചായത്ത് നിയമനടപടികൾക്ക് ഒരുങ്ങുന്ന* "എന്നും വ്യക്തമാക്കുന്നു.

എന്നാൽ വാട്ടർ ചാർജ്ജ്, ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കുന്നതിനുള്ള കാര്യമായ നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചു കാണുന്നില്ല. 2013 ജനവരിയിൽ സംയുക്ത പരിശോധന നടത്തിയിട്ടും ടാപ്പുകൾ ഡിസ്കണക്ട് ചെയ്യുന്നതിനുള്ള തുക ഒടുക്കിയത് രണ്ട് വർഷം കഴിഞ്ഞ് 2015 ഫെബ്രുവരിയിൽ മാത്രമാണ് എന്നതിൽ നിന്നും ഗ്രാമപഞ്ചായത്ത് ഈ വിഷയത്തിൽ കാര്യമായ താല്പര്യം കാണിച്ചില്ല എന്നു വ്യക്തമാണ്.

വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് ഈയിനത്തിലുണ്ടാകുന്ന അധിക ചെലവ് കുറയ്ക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 3-6 <u>വഴിവിളക്കിന്റെ കറന്റ് ചാർജ്ജ് - കുറയ്ക്കാൻ നടപടി സ്വീകരിക്കുന്നില്ല</u>

ഓഡിറ്റ് വർഷം വഴിവിളക്കുകളുടെ കറന്റ് ചാർജ്ജിനത്തിൽ 13.44 ലക്ഷം ആണ് ചെലവായത്. ഹൈമാസ്റ്റ് ലൈറ്റുകൾ ഒഴികെയുള്ളവയുടെ കറന്റ് ചാർജ്ജ് 10,60,000/- രൂപ (88400 x 12).

ആകെ 971 സാധാരണ വഴിവിളക്കുകളാണ് KSEB കണക്കുകളിൽ കാണിച്ചിട്ടുള്ളത്. ഇതിൽ കേവലം 12 എണ്ണം മാത്രമാണ് CFL ആയി കാണിച്ചിട്ടുള്ളത്. 283 എണ്ണം സാധാരണ ബൾബുകളാണ്., 634 എണ്ണം ഫ്ലൂറസെന്റ് ട്യൂബ് ലൈറ്റുകളും, ബാക്കി സോഡിയം /മെർക്കുറി വേപ്പർ വിളക്കുകളും.

പല തവണകളായി സാധാരണ ബൾബുകൾ മാറി CFL ആക്കിയിട്ടുണ്ടെങ്കിലും അവയൊന്നും ഇവിടെ KSEB കണക്കിൽ കാണുന്നില്ല. സാധാരണ ബൾബുകൾക്ക്, സമാനമായ പ്രകാശം ലഭിക്കുന്ന CFL വിളക്കുകളേക്കാൾ വളരെ വലിയ തുകയാണ് വൈദ്യുത ചാർജ്ജാകുന്നത്.

60Watt, 100Watt സാധാരണ ബൾബുകളുടെ പ്രതിമാസ കറന്റ് ചാർജ്ജ് യഥാക്രമം രൂ. 94/-, രൂ. 155/- എന്നിങ്ങനെയാണ്. എന്നാൽ ഇതേ പ്രകാശം ലഭിക്കുന്ന 12Watt , 18Watt CFL വിളക്കുകളുടെ കറന്റ് ചാർജ്ജ് യഥാക്രമം രൂ.9/-, രൂ.12/- എന്നിങ്ങനെയാണ് (KSEB Rate as on 1.12.2015).

ഇതിൽ നിന്നും ഓരോ മാസവും വൻ തുകയാണ് ഗ്രാമപഞ്ചായത്തിന് കറന്റ് ചാർജ്ജിനത്തിൽ നഷ്ടപ്പെടുന്നത് എന്നു കാണാം. കൂടാതെ നിലവിൽ ഉയർന്ന വൈദ്യുത ഉപഭോഗമുള്ള വിളക്കുകൾ മാറ്റി തീരെ കുറഞ്ഞ വൈദ്യുത ഉപഭോഗമുള്ള LED വിളക്കുകൾ ഉപയോഗിച്ചാൽ കറന്റ് ചാർജ്ജ് നിലവിലുള്ളതിന്റെ ഭൂരിഭാഗവും ലാഭിക്കുവാൻ കഴിയുന്നതാണ്.

വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. കെ.എസ്.ഇ.ബി. യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഉപയോഗത്തിലുള്ള വിളക്കുകൾക്ക് നിശ്ചിത നിരക്കിലുള്ള വൈദ്യുത ചാർജ്ജ് മാത്രമേ ഈടാക്കുന്നുള്ളൂവെന്ന് ഉറപ്പുവരുത്തേണ്ടതും, അധികം അടവാക്കിയിട്ടുണ്ടെങ്കിൽ തുടർന്നുള്ള മാസങ്ങളിൽ കുറവു ചെയ്തുകിട്ടുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 പാലിയേറ്റീവ് കെയർ - മരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച്

മെഡിക്കൽ ഓഫീസർ പിഎച്ച്സി നിർവ്വഹണ ഉദ്യോഗസ്ഥനായ പാലിയേറ്റീവ് കെയർ എന്ന പ്രോജക്റ്റിന് ആകെ അനുവദിച്ച തുക 4,57,500/- രൂപ ഇതിൽ 4,00,000/- രൂപ വികസന ഫണ്ടിനത്തിലും, 57,500/- രൂ. ബ്ലോക്ക് വിഹിതമിനത്തിലും ലഭിച്ചിട്ടുള്ളതാണ്. എന്നാൽ രേഖകൾ പ്രകാരം 4,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2016 മാർച്ച് 31 ന് മുൻപ് മരുന്നിനും, അനുബന്ധ ഉപകരണങ്ങൾക്കുമായി ഡിഡി നം. 305564/31-03-016 പ്രകാരം കാരുണ്യയ്ക്ക് 57500/- രൂപയും, ഡിഡി നം. 67296/17-03-2016 പ്രകാരം മെഡിക്കൽ ഇൻഷ്വറൻസ് കോർപ്പറേഷന് 20000/- രൂപയും ( ആകെ 77,500/- രൂപ.) കൈമാറിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെ മരുന്നുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. 77,500/-രൂ. യതൊരു റിട്ടേൺസുമില്ലാതെ എട്ട് മാസത്തോളമായി കാരുണ്യയുടേയും, കെഎംസിയുടെയും അക്കൌണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. കഴിഞ്ഞ എട്ട് മാസം മരുന്നുകളും, മറ്റ് ചികിത്സാ സംവിധാനങ്ങളുമില്ലാതെ പാലിയേറ്റീവിന്റെ പ്രവർത്തനം എങ്ങനെ മുന്നോട്ട് കൊണ്ടുപോയിയെന്നും, മരുന്നുകൾ എന്ന് ലഭിക്കുമെന്നതിനെക്കുറിച്ചും വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.03/14-11-2016) മറുപടി നൽകിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

## 3-8 പി.എച്ച്. സെന്റർ പ്രവർത്തിക്കുന്നത് അടിസ്ഥാന സൌകര്യങ്ങൾ ഒന്നുമില്ലാതെ

യു.എച്ച്.ടി.സി അമ്പലപ്പുഴയുടെ ഭാഗമായിരുന്ന പി.എച്ച്.സി 09-08-15 മുതൽക്കാണ് ഒരു മെഡിക്കൽ ഓഫീസറുടെ കീഴിൽ സ്വതന്ത്ര പി.എച്ച്.സിയായി പ്രവർത്തനം ആരംഭിക്കുന്നത്. ഒരു ഡോക്ടറടക്കം 7 ജീവനക്കാരാണ് ഈ പി.എച്ച്.സിയിൽ ജോലി നോക്കുന്നത്. ദിവസേന 65 ൽ പരം രോഗികളെത്തുന്ന ഈ പി.എച്ച്.സിയ്ക്ക് സ്വന്തമായി കെട്ടിടമോ, മറ്റ് അടിസ്ഥാന സൌകര്യങ്ങളോ ഒന്നും തന്നെയില്ല. പലപ്പോഴായി പഞ്ചായത്ത് അനുവദിച്ചു നൽകിയ 24,630/- രൂപ ഉപയോഗിച്ച് നടത്തിയ അടിസ്ഥാന വികസന പ്രവർത്തനങ്ങളേ ഇവിടെ നടന്നിട്ടുള്ളൂ. എന്തിനേറെ ഡോക്ടർക്കും, രോഗികൾക്കും ഇരിക്കാൻ നല്ല കസേരകൾ പോലും ഈ ആശുപത്രിയിലില്ല. മരുന്നുകൾ വാങ്ങാൻ ആവശ്യത്തിന് പണമോ, പ്രോജക്ടോ പഞ്ചായത്ത് അനുവദിച്ചതായി കാണുന്നില്ല. വകുപ്പിൽ നിന്നും ലഭിക്കുന്ന മരുന്നിനെ ആശ്രയിച്ചാണ് പി.എച്ച്.സിയുടെ പ്രവർത്തനം. ഇങ്ങനെ പരിമിതികളാൽ വീർപ്പുമുട്ടുന്ന ഒരു പി.എച്ച്.സി പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുമ്പോഴാണ്, പി.എച്ച്.സിയുടെ കീഴിലുള്ള പാലിയേറ്റീവ് കെയറിനായി 3,98,043/-രൂ. ചെലവാക്കി പഞ്ചായത്ത് ഒരു ആംബുലൻസ് വാങ്ങുന്നത്. വികസന പ്രവർത്തനങ്ങൾക്ക് മുൻഗണനാക്രമം നിശ്ചയിക്കുമ്പോൾ പഞ്ചായത്തിന് സംഭവിച്ച പാകപ്പിഴയായി ഓഡിറ്റ് ഇതിനെ വിലയിരുത്തുന്നു. തന്നെയുമല്ല, ഈ പി.എച്ച്.സിയ്ക്ക് ഏതാനും വാരകൾക്കപ്പുറം മെഡിക്കൽ കോളേജ് പോലൊരു വലിയ ആതുരാലയം

രാപകൽ പ്രവർത്തന സജ്ജമമായിരിക്കുമ്പോൾ ഇത്ര ധൃതി പിടിച്ച്, യാതൊരു അടിസ്ഥാന സൌകര്യവും ഏർപ്പെടുത്താതെ ഇങ്ങനെയൊരു പിഎച്ച്സി തുടങ്ങിയതിന്റെ സാംഗത്യം കൂടി വിശദീകരിക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 04/14-11-2016) നൽകിയ മറുപടിയിൽ ബഹു. സർക്കാരിന്റെ നിർദ്ദേശ പ്രകാരമാണ് പിഎച്ച് സെന്റർ തുടങ്ങിയതെന്നും, ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. മരുന്നുകൾ അടക്കമുള്ള അടിസ്ഥാന സൌകര്യങ്ങൾ ആശുപത്രിയ്ക്ക് ഒരുക്കി നൽകുന്നതിൽ പഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

## 3-9 തൈറോയ്ഡ് രോഗനിർണ്ണയ ക്യാമ്പ്- അനുമതി രേഖകളില്ല, നടത്തിപ്പിൽ പാളിച്ചകളും

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് തൈറോയ്ഡ് രോഗനിർണ്ണയവും, തുടർ ചികിത്സയും. ഇതിനായി 2015-16 വർഷം ചെലവഴിച്ചത് 3,00,000/- രൂപ. എന്നാൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശങ്ങളിൽ ഇതുപോലുള്ള ക്യാമ്പുകൾ, മേളകൾ എന്നിവ സംഘടിപ്പിക്കുന്നതിന്, വിദൂരപ്രദേശങ്ങളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിലൊഴികെ, കർശന നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ നിയന്ത്രണങ്ങൾ മറികടക്കുന്നതിന് സർക്കാറിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ഇവിടെ അങ്ങനെ അനുമതി കരസ്ഥമാക്കിയതായി കാണുന്നില്ല. ഉണ്ടെങ്കിൽ അത് ഹാജരാക്കേണ്ടതാണ്.

അതുപോലെ ഇതിന്റെ നടത്തിപ്പിലും പാകപ്പിഴകൾ കടന്നുകൂടിയിട്ടുണ്ടെന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. തൈറോയ്ഡ് പരിശോധന നടത്തുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചിരുന്നു. 3 ക്വട്ടേഷനുകളാണ് സമർപ്പിക്കപ്പെട്ടത്. ഈ 3 ക്വട്ടേഷനുകളും രൂ. 250, 270, 290 എന്ന ക്രമത്തിൽ സമർപ്പിച്ചിരിക്കുന്നത് കൊച്ചിൻ ലാബുകാരാണ്. ഇത് ഒരാളുടെ ഉടമസ്ഥതയിൽ ഉള്ള സ്ഥാപനമാണ്. ഇതിൽ ഒരെണ്ണം ആലപ്പുഴയിലും, രണ്ടെണ്ണം വണ്ടാനത്തും പ്രവർത്തിക്കുന്നവയാണ്. ക്വട്ടേഷൻ സമർപ്പിച്ചതിൽ ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ സമർപ്പിച്ച ഒരു കൊച്ചിൻ ലാബിനെ ഇതിനായി തെരഞ്ഞെടുത്തു. തൈറോയ്ഡ് പോലെ ഒരു രോഗം കണ്ടെത്താൻ മെഡിക്കൽ ലാബ് പരിശോധനകൾക്കായി ക്വട്ടേഷൻ ക്ഷണിക്കുക, അതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്യുയാളെ തെരഞ്ഞെടുക്കുക, അതിനർത്ഥം ഏറ്റവും വില കുറഞ്ഞ കിറ്റുകൾ ഉപയോഗിച്ച് ലാബ് പരിശോധനയ്ക്ക് തയ്യാറായ ആളെ ജോലി ഏൽപ്പിക്കുന്നു എന്നാണ്. ഒരു പോയിന്റിന്റെ വ്യത്യാസം പോലും രോഗാവസ്ഥയിൽ നിർണ്ണായകമാകുന്ന തൈറോയ്ഡ് ലാബ് ടെസ്റ്റുകൾ ഇങ്ങനെ ക്വട്ടേഷൻ വിളിച്ച് വിലയും, ക്വാളിറ്റിയും കുറഞ്ഞ കിറ്റുകൾ ഉപയോഗിച്ച് ചെയ്യുമ്പോൾ രോഗനിർണ്ണയത്തിന്റെ കൃത്യതയെ അതു ബാധിക്കും. മാത്രവുമല്ല, സർവ്വ സജ്ജമായ ഒരു സർക്കാർ മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നത് ഈ പഞ്ചായത്തിലാണ് എന്നതു കൂടി പരിഗണിക്കുമ്പോഴാണ് ഈ ചെലവിന്റെ ആവശ്യകതയിൽ സംശയം ജനിക്കുന്നത്.

അതുപോലെ ക്യാമ്പിൽ പങ്കെടുത്ത രോഗികളുടെ എണ്ണവും, കൊടുത്ത തുകയും തമ്മിൽ പൊരുത്തക്കേടുണ്ട്. TSH പരിശോധിച്ച ആളുകളുടെ എണ്ണം തന്നിരിക്കുന്ന ലിസ്റ്റ് പ്രകാരം 2184/-ആണ്. TSH പരിശോധിക്കുവാൻ ഒരാൾക്ക് 90/-രൂ. പ്രകാരം ലാബിന് നൽകേണ്ട തുക 1,96,560/-ആണെങ്കിലും, നൽകിയതാകട്ടെ 1,70,460/- രൂപയും. TSH നടത്തിയതിന് ശേഷം T3,T4 എന്നിവ പരിശോധിച്ച വകയിൽ മറ്റൊരു 50,000/-രൂപയും നൽകിയതായി കാണുന്നു. T3,T4 എന്നിവ പരിശോധിക്കാൻ ക്വാട്ട് ചെയ്തിരിക്കുന്ന തുക 90+90=180/- രൂപയാണ്. ഇതിന്റെ മരുന്നുകൾക്കായി 34,975/- രൂ. ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇത് ആർക്ക്, എങ്ങിനെ, എപ്പോൾ വിതരണം നടത്തി എന്ന രേഖകളും ഫയലിലില്ല. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( നം. 9/14-11-2016 )നൽകിയെങ്കിലും മറുപടി ഹാജരാക്കിയില്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

## 3-10 ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി പ്രവർത്തനം - കാര്യക്ഷമമല്ല

ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റു വർഷം തൊഴിലുറപ്പ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെയും, സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തൊഴിൽ കാർഡുള്ള കുടുംബങ്ങളുടെ എണ്ണം | 3130 |
| രജിസ്റ്റർ ചെയ്ത വ്യക്തികളുടെ എണ്ണം | 6259 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1498 |
| തൊഴിൽ ആവശ്യപ്പെട്ട വ്യക്തികളുടെ എണ്ണം | 1872 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 100986 |

| | |
|---|---|
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 54 |

തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് ശരാശരി കേവലം 54തൊഴിൽ ദിനങ്ങൾ മാത്രമാണ് നല്കാൻ കഴിഞ്ഞത്. ഇതിൽ നിന്നും തൊഴിലുറപ്പു പദ്ധതി നടത്തിപ്പിൽ ഗ്രാമ പഞ്ചായത്ത് കാര്യമായ താല്പര്യം കാണിച്ചിരുന്നില്ല എന്നു വ്യക്തമാകുന്നു. ദരിദ്രരായ അനേകം ആളുകൾ അധിവസിക്കുന്ന ഈ പ്രദേശത്തെ കുടുംബങ്ങൾക്ക് കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ ലഭ്യമാക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് കാര്യമായ വീഴ്ച വരുത്തി. വിഷയത്തിൽ ഭരണസമിതിയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക കണക്ക് പരിശോധന-അപാകതകൾ

വാർഷിക കണക്കിൽ സാംഖ്യ സമ്പ്രദായം നിലവിൽ വരുന്നതിന് മുൻപുള്ള ആസ്തികൾ തിട്ടപ്പെടുത്തി നൽകിയിട്ടില്ല.

4-2. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കേന്ദ്രവിഹിതം | 2015-16 | 328063 | അനുപൂരക പോഷകാഹാരം | 190620 | 137443 |
| ബ്ലോക്ക് വിഹിതം | 2015-16 | 125000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്. | 125000 | 00 |
| ബ്ലോക്ക് വിഹിതം | 2015-16 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്. (സ്പിൽ ഓവർ) | 100000 | 00 |
| ബ്ലോക്ക് വിഹിതം | 2015-16 | 79341 | കാലിത്തീറ്റ വിതരണം. വനിത | 48381 | 30560 |
| ജില്ലാപഞ്ചായത്ത് വിഹിതം | 2015-16 | 125000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്. | 125000 | 00 |
| ബ്ലോക്ക് വിഹിതം | 2015-16 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്. (സ്പിൽ ഓവർ) | 100000 | 00 |

4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇഎംഎസ്സ് ഭവനപദ്ധതി | | 13023000 | 3633967 | 3099198 | 305256 | 534769 |

4-6. <u>സ്ഥിരനിക്ഷേപങ്ങൾ</u>

ഇല്ല

4-7. <u>ഓഡിറ്റ് റിക്കവറി</u>

ഈയിനത്തിൽ തൻവർഷം ലഭിച്ച 2500/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രസീത് നം. തീയതി. |
|---|---|---|---|---|
| 2013-14 | 2-6 | 1250 | ഗോപാലകൃഷ്ണൻ,സർജൻറ് | 2955/25-06-15 |
| 2013-14 | 2-6 | 1250 | ഗോപാലകൃഷ്ണൻ,സർജൻറ് | 2955/25-06-15 |

4-8. <u>സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.</u>

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3-23 | 2014-15 | 13 | ആട് വിതരണം | അക്കൌണ്ട്സ് കമ്മറ്റിയുടെ പരിഗണനയിൽ |
| 2013-14 | 3-3 | 2014-15 | 17 | കാലിത്തൊഴുത്ത് നിർമ്മാണം | അക്കൌണ്ട്സ് കമ്മറ്റിയുടെ പരിഗണനയിൽ |

4-9. <u>ഓഡിറ്റ് പ്രത്യവലോകനം</u>

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 4,32,93,225/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,04,99,528/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 7250/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 205206/- |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 56575/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 7250 | - | കെ.കൃഷ്ണൻ കുട്ടി,സെക്രട്ടറി |
| 3-2 | - | 205206 | യാമിനീ ദാസ്, അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | 7250/- | 205206/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 56575/- | ഡോ.രശ്മി രാമചന്ദ്രൻ,<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി. |
| ആകെ | 56575/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നം. 2-1, 3-1

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.കൃഷ്ണൻകുട്ടി,<br>സെക്രട്ടറി | വിരമിച്ചു | രോഹിണി,<br>ആലിശ്ശേരി,<br>സിവിൽ സ്റ്റേഷൻ.PO,<br>ആലപ്പുഴ. |
| ശ്രീമതി.യാമിനീ ദാസ്,<br>അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ്<br>എൻജിനീയർ, അമ്പലപ്പുഴ വടക്ക് ഗ്രാമ | ചാരങ്കാട്ട്,<br>പൊള്ളേത്തൈ.PO,<br>ആലപ്പുഴ |

| | | |
|---|---|---|
| | പഞ്ചായത്ത് | |
| ഡോ.രശ്മി രാമചന്ദ്രൻ,<br><br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | അസി. പ്രൊഫസർ, കമ്മ്യൂണിറ്റി മെഡിസിൻ, ഗവ.മെഡിക്കൽ കോളേജ്, തൃശ്ശൂർ. | റിജ്ജു ഭവൻ,<br><br>വളയം ചിറങ്കര PO,<br><br>പെരുമ്പാവൂർ,<br><br>എറണാകുളം - 683556 |

4-10. <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 2000-01<br><br>2001-02<br><br>2002-03 | എൽ.എഫ്.എ5-1832/2011/20.01.12 |
| 2003-04<br><br>2004-05<br><br>2005-06 | എൽ.എഫ്.എ5-1832/2011/19.01.12 |
| 2006-07 | എൽ.എഫ്.എ9-275/2010/31.01.11 |
| 2007-08 | എൽ.എഫ്.എപി4-605/11/28.11.11/3.12.11 |
| 2008-09 | എൽ.എഫ്.എപി4-606/11/30.11.11/3.12.11 |
| 2009-10 | എൽ.എഫ്.എപി8-503/12/17.7.12/10.08.12 |
| 2010-11,<br><br>2011-12 | എൽ.എഫ്.എപി8-112/13/8.4.13/25.06.13 |
| 2012-13 | എൽ.എഫ്.എപി8-966/14/26.06.14/08.12.14 |
| 2013-14 | എൽ.എഫ്.എപി.ഇസെഡ്.പി8-1071/15/4.09.15 /5.10.15 |
| 2014-15 | കെ. എസ്. എ.- എ.എൽ.പി.-പി.8/623/2016<br><br>തീയതി 13.6.2016 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി/പി8-1334/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 02.12.2016

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/P8-1334/16

Kerala State Audit Department,

District Audit Office, Alappuzha.

Date: 02.12.2016

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Ambalappuzha North Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Ambalappuzha North Gramapanchayat for the year 2015-16 except the observations in Para 4-1 of my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha